**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം– 695001**

# വിജ്ഞാപനം

# ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ –2022 അപേക്ഷകൾ ക്ഷണിച്ചു.

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി സീറ്റ് പങ്കിടുന്ന സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2022–23 അധ്യയന വർഷത്തെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചു.

1. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ**
   i. **നേറ്റിവിറ്റി:** അപേക്ഷാർത്ഥി ഇന്ത്യൻ പൗരൻ ആയിരിക്കണം. കേരളീയരായ അപേക്ഷകർക്ക് മാത്രമേ സംവരണാനുകൂല്യങ്ങൾക്കും ഫീസാനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുകയുള്ളൂ. (പ്രോസ്പെക്ടസ് ക്ലോസ് 6 (i) കാണുക.

   ii. **വിദ്യാഭ്യാസ യോഗ്യത:**

      a. കേരള സംസ്ഥാന ഹയർസെക്കന്ററി പരീക്ഷയോ, കേരളത്തിലെ സർവകലാശാലകൾ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണം.

      b. സംസ്ഥാന സർക്കാർ/കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലസ്ടു പരീക്ഷ പാസ്സാവുകയോ , ബാർ കൗൺസിൽ ഓഫ് ഇന്ത്യ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള യോഗ്യത നേടുകയോ ചെയ്തിരിക്കണം. (പ്രോസ്പെക്ടസ് ക്ലോസ് 6(ii)(b) കാണുക)

      c. ഈ വർഷം എഴുതുന്നവർക്കും/എഴുതിയവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാം. ഇത്തരം അപേക്ഷകർ അഡ്മിഷൻ സമയത്ത് യോഗ്യതാ പരീക്ഷ പാസായതിന്റെ സർട്ടിഫിക്കറ്റും, മാർക്ക് ലിസ്റ്റും ഹാജരാക്കേണ്ടതാണ്.

      d. യോഗ്യത പരീക്ഷ ചുരുങ്ങിയത് 45% മാർക്ക് നേടി പാസായിരിക്കണം. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന (എസ്.ഇ.ബി.സി) വിഭാഗങ്ങൾക്ക് 42% മാർക്കും എസ്.സി. എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്ക് 40% മതിയാകും. (പ്രോസ്പെക്ടസ് ക്ലോസ് 6(ii)(d) കാണുക).

   iii. **വയസ്സ്:** 31.12.2022 ൽ 17 വയസ്സ് പൂർത്തിയായിരിക്കണം. ഉയർന്ന പ്രായ പരിധി ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

2. **പ്രവേശന പരീക്ഷ:** പ്രവേശന പരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിതമായിരിക്കും. കേരളത്തിലെ 14 ജില്ലകളിലെയും കേന്ദ്രങ്ങളിൽ വച്ച് പ്രവേശന പരീക്ഷ നടത്തുന്നതാണ്. പ്രവേശന പരീക്ഷയുടെ തീയതി, സമയം എന്നിവ പിന്നീട് അറിയിക്കുന്നതാണ്. രണ്ട് മണിക്കൂർ ദൈർഘ്യമുള്ള പ്രവേശന പരീക്ഷയ്ക്ക് ജനറൽ ഇംഗ്ലീഷ്, പൊതുവിജ്ഞാനം, ഗണിതവും മാനസികശേഷിയും, നിയമ പഠനത്തിനുള്ള അഭിരുചി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്റ്റീവ് മാതൃകയിലുള്ള 200

ചോദ്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഓരോ ശരിയുത്തരത്തിനും 3 മാർക്ക് വീതമായിരിക്കും. (ആകെ മാർക്ക് 200x3=600). തെറ്റായ ഓരോ ഉത്തരത്തിനും ഓരോ മാർക്ക് വീതം കുറവുചെയ്യുന്നതാണ്.

3. **പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡം :** ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ജനറൽ/എസ്.ഇ.ബി.സി വിഭാഗക്കാർ കുറഞ്ഞത് 10 ശതമാനവും എസ്.സി/എസ്.ടി വിഭാഗക്കാർ കുറഞ്ഞത് 5 ശതമാനവും മാർക്ക് നേടിയിരിക്കണം.

4. **ഓൺലൈൻ അപേക്ഷാ സമർപ്പണവും അപേക്ഷാ ഫീസും:** ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് 685/- രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 345/- രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **26.07.2022 മുതൽ 04.08.2022 വൈകിട്ട് 5:00 മണി വരെ** ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് . അപേക്ഷാഫീസ് ഓൺലൈൻ പേയ്മെന്റായോ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ -ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. (ക്ലോസ് 13.2.3 കാണുക). നെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡ്/ക്രെഡിറ്റ് കാർഡ് എന്നീ സേവനങ്ങൾ ഓൺലൈൻ പേയ്മെന്റ് ഓപ്ഷനിൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഇ-ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസിൽ പണമായി ഫീസ് അടയ്ക്കേണ്ടതാണ്. വിജയകരമായി ഫീസ് ഒടുക്കിയശേഷം വിദ്യാർത്ഥി നാഷണാലിറ്റി, ജനനതീയതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും, അപേക്ഷകന്റെ അടുത്ത കാലത്ത് എടുത്ത പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ഒപ്പ് എന്നിവയും മേൽ പറഞ്ഞ തീയതിയ്ക്കകം അപ്‌ലോഡ് ചെയ്യേണ്ടതാണ്. എന്നാൽ വിജയകരമായി ഫീസ് ഒടുക്കിയശേഷം നാഷണാലിറ്റി, ജനനതീയതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും, പാസ്പോർട്ട് സൈസ് കളർ ഫോട്ടോ, ഒപ്പ് എന്നിവയും മേൽ പറഞ്ഞ തീയതിയ്ക്കകം അപ്‌ലോഡ് ചെയ്ത വിദ്യാർത്ഥികൾക്ക് ശേഷിക്കുന്ന ആവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ (പ്രോസ്പെക്ടസ് ക്ലോസ് 13.2.4-ൽ പറഞ്ഞിരിക്കുന്ന പ്രകാരം) ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നതിന് **08.08.2022, വൈകിട്ട് 03:00 മണി വരെ** സമയം അനുവദിച്ചിട്ടുണ്ട്. അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

5. **ഓൺലൈൻ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ട സർട്ടിഫിക്കറ്റുകൾ/രേഖകൾ (PDF ഫോർമാറ്റിലുള്ളത് 10 kb മുതൽ 500 kb വരെ)**

- നേറ്റിവിറ്റി തെളിയിക്കുന്നതിനായി പ്രോസ്പെക്ടസ് ക്ലോസ് 6(i) -ൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ഒരു രേഖ.
- ജനന തീയതി തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി/ജനന സർട്ടിഫിക്കറ്റ്/പാസ് പോർട്ട്.
- അപേക്ഷാർത്ഥി എസ്.ഇ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ വില്ലേജ് ഓഫീസർ നൽകിയ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ്. (clause 9 c(iii) (സംസ്ഥാന വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ളത് മാത്രം).
- അപേക്ഷാർത്ഥി നോൺ-ക്രീമിലെയർ വിഭാഗത്തിൽപ്പെടാത്ത ഒ .ഇ.സി വിദ്യാർത്ഥിയാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന ജാതി സർട്ടിഫിക്കറ്റ് (Annexure XV)
- അപേക്ഷാർത്ഥി പ്രോസ്പെക്ടസ് അനുബന്ധം -IV(b) ലെ വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന നോൺ -ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും.
- അപേക്ഷാർത്ഥി എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ടതാണെങ്കിൽ തഹസിൽദാർ നൽകിയ ജാതി സർട്ടിഫിക്കറ്റ്. Clause 9c (iii) , Annexure XII.
- അപേക്ഷാർത്ഥി മിശ്ര വിവാഹിതരായ പട്ടികജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട രക്ഷിതാക്കളുടെ മകൻ /മകൾ ആണെങ്കിൽ തഹസിൽദാർ നൽകിയ മിശ്രവിവാഹ സർട്ടിഫിക്കറ്റ്. Clause 9c (i)
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സംവരണേതര വിഭാഗക്കാർക്കുള്ള EWS സംവരണ സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. പ്രോസ് പെക്ടസ് Annexure IX a, IXb പ്രകാരം വില്ലേജ് ഓഫീസറിൽ നിന്ന് വാങ്ങിയ നിശ്ചിത മാതൃകയിലുള്ള സർട്ടിഫിക്കറ്റ്.
- പ്രത്യേക സംവരണം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ (ബാധകമെങ്കിൽ), Annexure VII (a), VII (b),VIII (a),VIII (b).
- ഭിന്നശേഷി സംവരണം ആവശ്യമുള്ളവർ ജില്ലാമെഡിക്കൽ ബോർഡ് നൽകുന്ന

സർട്ടിഫിക്കറ്റുകൾ Clause 9(e).

- മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഫീസ് സംവരണം (ബാധകമെങ്കിൽ) മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന സർട്ടിഫിക്കറ്റ്. (Annexure XIV)
- ശ്രീചിത്രഹോം, നിർഭയ ഹോം, ജുവനൈൽ ഹോം എന്നിവിടങ്ങളിലെ അന്തേവാസികൾക്ക് അർഹമായ ആനുകൂല്യം ആവശ്യമുള്ളവർ ഡയറക്ടർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ വകുപ്പ്/ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

6. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല . ഇതിലേക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

7. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള പ്രത്യേക സംവരണം തെളിയിക്കുന്നതിനുൾപ്പെടെയുള്ള വിവിധ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ അപേക്ഷാ ഫോമിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളുടെ മാതൃകയിൽ തന്നെ സമർപ്പിക്കേണ്ടതാണ്. എല്ലാ വിദ്യാർത്ഥികളും സംവരണ ആനുകൂല്യം ലഭിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇ-ഡിസ്ട്രിക്ട് മുഖേനയും Digilocker അംഗീകൃത partners മുഖേനയും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഇ -സർട്ടിഫിക്കറ്റുകൾ വിദ്യാർത്ഥികൾക്ക് അവരവരുടെ Digilocker സംവിധാനത്തിലൂടെ ഓൺലൈൻ അപേക്ഷയോടൊപ്പം പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേക്ക് സമർപ്പിക്കാവുന്നതാണ്. ഇത്തരത്തിൽ ഡിജിലോക്കറിൽ ലഭ്യമായിട്ടുള്ള പ്രസ്തുത സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് വിധേയമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

8. **അഡ്മിറ്റ് കാർഡ്:** പരീക്ഷയ്ക്ക് ഓൺലൈൻ വഴി അപേക്ഷിച്ചവർക്ക് അവരുടെ അഡ്മിറ്റ് കാർഡ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അഡ്മിറ്റ് കാർഡ് ഡൗൺലോഡിനുള്ള സമയം പിന്നീട് അറിയിക്കുന്നതാണ്. ഈ അഡ്മിറ്റ് കാർഡും അംഗീകൃത തിരിച്ചറിയൽ കാർഡുമായാണ് പരീക്ഷാ ഹാളിൽ കൊണ്ടു വരേണ്ടത്.

9. **സീറ്റുകളുടെ അലോട്ട്മെന്റ്:** പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ ഓൺലൈനായി രേഖപ്പെടുത്തുന്ന ഓപ്ഷനുകളുടെ മുൻഗണനാക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. (പ്രോസ്പെക്ടസ് ക്ലോസ് 15 കാണുക). കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശംദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിന പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ നൽകുന്നതല്ല

2022-23 ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി. കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷയും തുടർന്നുള്ള അലോട്ട്മെന്റുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും . അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**#Approved Date#**